# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 01-04-2026** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. തിരഞ്ഞെടുപ്പ് ചൂടിൽ കേരളം. ദേശീയ നേതാക്കളെയടക്കം മണ്ഡലങ്ങളിലെത്തിച്ച് പ്രചാരണം ആവേശകരമാക്കി മുന്നണികൾ. വോട്ടെടുപ്പിന് ഇനി എട്ട് ദിവസം മാത്രം.

   **Political Fronts intensified campaigning for Kerala Assembly elections by bringing national leaders to constituencies. Only eight days remain for polling.**

2. സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് വോട്ടെടുപ്പ് ദിവസമായ ഏപ്രിൽ 9 ന് വേതനത്തോട് കൂടിയ അവധി നൽകാൻ ഉത്തരവിട്ട് സംസ്ഥാന ലേബർ കമ്മീഷണർ.

   **The State Labour Commissioner has ordered paid leave for employees in private establishments on April 9, the polling day.**

3. നടപടിക്രമങ്ങൾ പൂർത്തിയാക്കി രാജ്യസഭ ഇന്നത്തേക്ക് പിരിഞ്ഞു. ജൻവിശ്വാസ് ഭേദഗതി ബില്ലിന് അംഗീകാരം നൽകി ലോക്സഭ.

   **After completing the proceedings, Rajya Sabha adjourned for the day. The Lok Sabha passed the Jan Vishwas Amendment Bill.**

4. പശ്ചിമേഷ്യൻ പ്രതിസന്ധിക്കിടെ, രാജ്യത്ത് അടുത്ത രണ്ട് മാസത്തേക്ക് വേണ്ട ക്രൂഡ് ഓയിൽ ശേഖരം ലഭ്യമാണെന്ന് പെട്രോളിയം മന്ത്രാലയം. കാർഷികാവശ്യത്തി

നുള്ള വിത്തിനങ്ങൾക്ക് രാജ്യത്ത് ക്ഷാമം അനുഭവപ്പെടുന്നില്ലെന്നും കേന്ദ്ര സർക്കാർ.

**Amid the West Asia crisis, the Petroleum Ministry said that sufficient crude oil stock is available in the country for the next two months. The Central Government also stated that there is no shortage of seeds for agricultural needs.**

5. യേശു ദേവൻറെ തിരു അത്താഴ സ്മരണയിൽ നാളെ പെസഹാ വ്യാഴം.

   **Maundy Thursday will be observed tomorrow in remembrance of the Last Supper of Jesus Christ.**

6. ഐപിഎൽ ക്രിക്കറ്റിൽ ലഖ്നൗ സൂപ്പർ ജയൻ്റ്സ് ഡൽഹി ക്യാപിറ്റൽസിനെ നേരിടുന്നു.

   **In IPL cricket, Lucknow Super Giants will take on Delhi Capitals.**

&&&&&&&&&&&&&&&&&

## ELECTION KERALA

സംസ്ഥാനത്ത് വോട്ടെടുപ്പിന് എട്ടു ദിവസം ബാക്കി നിൽക്കെ ചൂടേറിയ തിരഞ്ഞെടുപ്പ് പ്രചാരണവുമായി മുന്നണികൾ. ദേശീയ നേതാക്കളെയടക്കം മണ്ഡലങ്ങളിലെത്തിച്ച് പ്രചാരണം ആവേശകരമാക്കുകയാണ് സ്ഥാനാർത്ഥികൾ. കേന്ദ്രമന്ത്രിയും മുതിർന്ന ബി.ജെ.പി നേതാവുമായ രാജ് നാഥ് സിങ് ഇന്ന് എറണാകുളം ജില്ലയിൽ എൻ.ഡി.എ പ്രചാരണ യോഗത്തെ അഭിസംബോധന ചെയ്യു. മുഖ്യമന്ത്രിയും മുതിർന്ന സി.പി.ഐ.എം നേതാവുമായ പിണറായി വിജയൻ ഇന്ന് ആലപ്പുഴയിലെ വിവിധ മണ്ഡലങ്ങളിൽ തിരഞ്ഞെടുപ്പ് യോഗങ്ങളിൽ സംസാരിച്ചു. തെലങ്കാന മുഖ്യമന്ത്രിയും കോൺഗ്രസ് നേതാവുമായ രേവന്ത് റെഡ്ഡി തിരുവനന്തപുരത്ത് യു.ഡി.എഫ് പ്രചാരണ പരിപാടികളിൽ പങ്കെടുത്തു. എൻ.ഡി.എ

പ്രചാരണത്തിനായി പ്രധാനമന്ത്രി നരേന്ദ്രമോദി ശനിയാഴ്ച തിരുവനന്തപുരത്തും തിരുവല്ലയിലും എത്തും. സി.പി.ഐ അഖിലേന്ത്യ സെക്രട്ടറി ഡി.രാജ ഇടുക്കി പൂപ്പാറയിൽ എൽ.ഡി.എഫ് പൊതുയോഗത്തിൽ പങ്കെടുത്തു. UDF സ്ഥാനാർത്ഥികളുടെ പ്രചരണാർത്ഥം കോൺഗ്രസ് നേതാവ് പ്രിയങ്ക ഗാന്ധി നാളെ തിരുവനന്തപുരത്തും കൊല്ലത്തുമെത്തും.

&&&&&&&&&&&&&&&&&&

**KANNUR (INTRO)**

പ്രചാരണത്തിനായി ദേശീയ നേതാക്കൾ ഉൾപ്പെടെ എത്തിത്തുടങ്ങിയതോടെ കണ്ണൂരിൽ തെരഞ്ഞെടുപ്പുരംഗം ആവേശകരം.

വിശദവിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി **കെ.ഒ.ശശിധരൻ....**

(വോയിസ്)

&&&&&&&&&&&&&&&&&&

**PAID HOLIDAY**

സംസ്ഥാനത്തെ എല്ലാ സ്വകാര്യ സ്ഥാപനങ്ങളിലെയും, സ്വകാര്യ വ്യവസായ കേന്ദ്രങ്ങളിലെയും, ഷോപ്പ് ആൻഡ് കൊമേഷ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ടിന്റെ പരിധിയിൽ വരുന്ന സ്ഥാപനങ്ങളിലെയും ജീവനക്കാർക്ക് വോട്ടെടുപ്പ് ദിവസമായ ഏപ്രിൽ 9 ന് വേതനത്തോടു കൂടിയ അവധി അനുവദിക്കണമെന്ന് ഉത്തരവിട്ട് സംസ്ഥാന ലേബർ കമ്മീഷണർ സഫ്ന നസറുദ്ദീൻ. ഈ അവധിയുടെ പേരിൽ തൊഴിലാളികളുടെ വേതനത്തിൽ കുറവു വരുത്താൻ പാടില്ല. അവധി നൽകുന്നത് സാരമായ നഷ്ടങ്ങൾക്ക് ഇടയാക്കുമെന്ന തരം തൊഴിലുകൾ ചെയ്യുന്നവർക്ക് വോട്ട് രേഖപ്പെടുത്തുന്നതിന് പ്രത്യേക അനുമതി നൽകേണ്ടതാണ്.

ഐടി, പ്ലാൻറേഷൻ, നിർമാണ മേഖലകൾക്കും ഉത്തരവ് ബാധകമാണ്.

&&&&&&&&&&&&&&&&&&

## KSDMA- ELECTION (INTRO)

സംസ്ഥാനത്ത് ഉയർന്ന വേനൽ ചൂട് അനുഭവപ്പെടുന്ന സാഹചര്യത്തിൽ തിരഞ്ഞെടുപ്പ് പ്രചാരണത്തിൽ ഏർപ്പെടുന്ന പൊതുപ്രവർത്തകരും പൊതുജനങ്ങളും ഉദ്യോഗസ്ഥരും പ്രത്യേക ജാഗ്രത പാലിക്കണമെന്ന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി . കൂടുതൽ സമയം ചൂടേൽക്കുന്നത് ആരോഗ്യ പ്രശ്നങ്ങൾക്ക് കാരണമാകാമെന്നതിനാൽ തിരഞ്ഞെടുപ്പ് പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർ സുരക്ഷാ മുൻകരുതലുകൾ സ്വീകരിക്കേണ്ടതാണെന്ന് അധികൃതർ നിർദേശം നൽകി. **വിശദാംശങ്ങളിലേക്ക്..........**

(വോയിസ്)

## KSDMA- ELECTION (VOICE)

ഉയർന്ന താലനില അനുഭവപ്പെടുന്നതിനാൽ പ്രചാരണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർ എപ്പോഴും കുടിവെള്ളം കൈയിൽ കരുതണമെന്നും ദാഹം തോന്നിയില്ലെങ്കിലും കൃത്യമായ ഇടവേളകളിൽ വെള്ളം കുടിക്കുന്നത് ശീലമാക്കണമെന്നും ദുരന്തനിവാരണ അതോറിറ്റി നിർദ്ദേശിച്ചു. പകൽ 11 മണി മുതൽ 3 മണി വരെ നേരിട്ട് ശരീരത്തിൽ വെയിലേൽക്കുന്നത് പരമാവധി ഒഴിവാക്കാൻ ശ്രമിക്കണം. കുട, തൊപ്പി, പാദരക്ഷകൾ എന്നിവ നിർബന്ധമായും ഉപയോഗിക്കണം. പൊതുയോഗങ്ങൾ, റാലികൾ, പ്രകടനങ്ങൾ, റോഡ്ഷോകൾ, സ്ഥാനാർഥി പര്യടനങ്ങൾ എന്നിവ പരമാവധി വൈകുന്നേരം 4 മണിക്ക് ശേഷം സംഘടിപ്പിക്കുന്നതാണ് ഉചിതമെന്നും പകൽ സമയത്തെ പൊതുയോഗങ്ങൾ കുറഞ്ഞ സമയത്തിനുള്ളിൽ പൂർത്തിയാക്കാൻ സംഘാടകർ ശ്രദ്ധിക്കണമെന്നും നിർദേശമുണ്ട്. പൊതുപരിപാടികളിൽ തിക്കും

തിരക്കും മൂലമുള്ള അപകടങ്ങൾ ഒഴിവാക്കുന്നതിനുള്ള മുൻകരുതലുകൾ സ്വീകരിക്കണം. സ്ഥാനാർത്ഥികൾ, മാധ്യമ പ്രവർത്തകർ, സുരക്ഷാ ചുമതലകളിലുള്ള പോലീസ് ഉദ്യോഗസ്ഥർ, രാഷ്ട്രീയ പ്രവർത്തകർ തുടങ്ങി കൂടുതൽ സമയം തുറസ്സായ സ്ഥലങ്ങളിൽ തുടരേണ്ടി വരുന്നവർ നിർബന്ധമായും ആവശ്യമായ സുരക്ഷാ മുൻകരുതലുകൾ സ്വീകരിക്കണമെന്നും കൃത്യമായ ഇടവേളകളിൽ വിശ്രമിക്കണമെന്നും ദുരന്തനിവാരണ അതോറിറ്റി അറിയിച്ചു

ന്യൂസ് ഡെസ്ക് ആകാശവാണി........

&&&&&&&&&&&&&&&&&

## EC CENTRAL OBSERVERS

അസം, കേരളം, പുതുച്ചേരി എന്നിവിടങ്ങളിലെ തിരഞ്ഞെടുപ്പ് നിരീക്ഷകരുമായി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ ഇന്ന് അവലോകന യോഗം ചേർന്നു. മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർമാർക്കൊപ്പം 282 കേന്ദ്ര നിരീക്ഷകരും ഓൺലൈനായി ചേർന്ന യോഗത്തിൽ പങ്കെടുത്തു.

ഉത്സവാന്തരീക്ഷത്തിൽ, സ്വതന്ത്രമായും നീതിയുക്തമായും തിരഞ്ഞെടുപ്പ് നടക്കുന്നുണ്ടെന്ന് ഉറപ്പാക്കണമെന്ന് കമ്മീഷൻ, നിരീക്ഷകർക്ക് നിർദ്ദേശം നൽകി. മാതൃകാ പെരുമാറ്റച്ചട്ടം കർശനമായി നടപ്പിലാക്കണമെന്നും നിയമലംഘന പരാതികൾ ഉണ്ടായാൽ ഉടനടി നടപടിയെടുക്കണമെന്നും കമ്മീഷൻ നിർദേശിച്ചു.

&&&&&&&&&&&&&&&&&

## PARLIAMENT

ബാങ്കിങ് മേഖലയെ മെച്ചപ്പെടുത്താൻ ലക്ഷ്യമിടുന്ന ഇൻസോൾവൻസി & ബാങ്ക്റപ്റ്റസി കോഡ് (ഭേദഗതി) ബില്ലിന് പാർലമെന്റ് അംഗീകാരം നൽകി. ലോക്സഭ കഴിഞ്ഞ ദിവസം തന്നെ

പാസ്സാക്കിയ ബില്ലിന് ഇന്ന് രാജ്യസഭയും അംഗീകാരം നൽകുകയായിരുന്നു. കേന്ദ്ര സായുധ പോലീസ് സേന പൊതു ഭരണ ബില്ലും രാജ്യസഭ ഇന്ന് പാസ്സാക്കി. ജൻ വിശ്വാസ് ഭേദഗതി ബില്ലും, ആന്ധ്രാപ്രദേശ് പുനഃസംഘടനാ (ഭേദഗതി) ബില്ലും ലോക്സഭ പാസാക്കി. നടപടിക്രമങ്ങൾ പൂർത്തിയാക്കി രാജ്യസഭ ഇന്നത്തേക്ക് പിരിഞ്ഞു.

&&&&&&&&&&&&&&&&&&

**INTER MINISTERIAL BRIEFING (INTRO)**

പശ്ചിമേഷ്യൻ സംഘർഷ സാഹചര്യത്തിൽ രാജ്യത്ത് വിത്തിനങ്ങൾക്ക് ക്ഷാമം അനുഭവപ്പെടുന്നില്ലെന്ന് കേന്ദ്ര സർക്കാർ. ഖാരിഫ് വിളകൾക്കായി 185 ലക്ഷം ക്വിൻറലിലധികം വിത്ത് ശേഖരം

ലഭ്യമാണ്. കാർഷിക ആവശ്യങ്ങൾക്കുള്ള വിവിധ രാസ പദാർത്ഥങ്ങളും രാജ്യത്ത് മതിയായ തോതിലുണ്ടെന്ന് കൃഷി വകുപ്പ് അഡീഷണൽ സെക്രട്ടറി മനീന്ദർ കൗർ അന്തർ മന്ത്രാലയ വാർത്താ സമ്മേളനത്തിൽ അറിയിച്ചു.

(ഹോൾഡ്)

രാജ്യത്തെ അടുത്ത രണ്ട് മാസത്തേക്ക് വിതരണം ചെയ്യാൻ വേണ്ട ക്രൂഡ് ഓയിൽ ഉറപ്പാക്കിയിട്ടുണ്ടെന്ന് പെട്രോളിയം, പ്രകൃതിവാതക മന്ത്രാലയത്തിലെ ജോയിന്റ് സെക്രട്ടറി സുജാത ശർമ്മ പറഞ്ഞു. രാജ്യത്തെ റിഫൈനറികൾ പരമാവധി ശേഷിയിൽ പ്രവർത്തിച്ച് വരികയാണ്. റീട്ടെയിൽ ഔട്ട്ലെറ്റുകളിൽ ഇന്ധനക്ഷാമം റിപ്പോർട്ട് ചെയ്തിട്ടില്ലെന്നും ജോയിന്റ് സെക്രട്ടറി അറിയിച്ചു.

&&&&&&&&&&&&&&&&&&

## DAY LPG PRICE HIKE

രാജ്യത്ത് മെട്രോ നഗരങ്ങളിൽ വാണിജ്യ ആവശ്യങ്ങൾക്കുള്ള എൽപിജി സിലിണ്ടറുകളുടെ വില കൂട്ടി എണ്ണക്കമ്പനികൾ. 19 കിലോഗ്രാം വാണിജ്യ സിലിണ്ടറുകളുടെ വിലയിൽ 195 രൂപ 50 പൈസയുടെ വർധനയാണ് വരുത്തിയത്. ഗാർഹിക എൽപിജി സിലിണ്ടറുകളുടെ വിലയിൽ മാറ്റമില്ല. വിമാന ഇന്ധനത്തിൻറെ വിലയിലും വലിയ വർധനയുണ്ടായിട്ടുണ്ട്.

&&&&&&&&&&&&&&&&&&

## SECRETARY-IB

കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയത്തിൻറെ സെക്രട്ടറിയായി മുതിർന്ന ഐ.എ.എസ് ഉദ്യോഗസ്ഥൻ ശ്രീ ചഞ്ചൽ കുമാർ ഇന്ന് ചുമതലയേറ്റു. 1992 ബാച്ചിലെ ബീഹാർ കേഡർ ഉദ്യോഗസ്ഥനായ അദ്ദേഹം മുമ്പ് വടക്കു-കിഴക്കൻ മേഖലാ വികസന മന്ത്രാലയത്തിന്റെ സെക്രട്ടറിയായിരുന്നു.

&&&&&&&&&&&&&&&&&&

## SABARIMALA

പൈങ്കുനി ഉത്രം ഉത്സവത്തിന് സമാപനം കുറിച്ച് ശബരിമല ക്ഷേത്രനട ഇന്ന് അടയ്ക്കും. പത്താം ഉത്സവമായ ഇന്ന് പമ്പയിൽ ആറാട്ട് നടന്നു. ഉത്സവ പൂജകൾ പൂർത്തിയാക്കി രാത്രി 10 ന് നടയടയ്ക്കും. വിഷു- മേടമാസ പൂജകൾക്കായി ഈ മാസം 10 നാണ് നട തുറക്കുക.

&&&&&&&&&&&&&&&&&&

## MAUNDY THURSDAY

യേശുക്രിസ്തുവിന്റെ തിരു അത്താഴ സ്മരണയിൽ നാളെ പെസഹാ വ്യാഴം. ക്രൈസ്തവ ദേവാലയങ്ങളിൽ നാളെ കാൽ കഴുകൽ ശുശ്രൂഷയും, പ്രത്യേക പ്രാർഥന ചടങ്ങുകളും നടക്കും. കുരിശുമരണത്തിന് മുൻപ് യേശുദേവൻ ശിഷ്യന്മാരുടെ കാലുകൾ കഴുകിയതിൻറെയും, അവർക്കൊപ്പം അന്ത്യ അത്താഴം കഴിച്ചതിൻറെയും സ്മരണയിലാണ് ലോകമെമ്പാടുമുള്ള ക്രൈസ്തവ വിശ്വാസികൾ പെസഹ ആചരിക്കുന്നത്. ക്രിസ്തീയ ഭവനങ്ങളിൽ നാളെ വൈകുന്നേരം അപ്പം മുറിക്കൽ ചടങ്ങുകൾ നടക്കും. കുരിശു മരണത്തിൻറെ സ്മരണയിൽ മറ്റന്നാൾ ദുഃഖ വെള്ളി ആചരിക്കും. ദേവാലയങ്ങളിൽ കുരിശിൻറെ വഴിയും പ്രത്യേക പ്രാർഥനകളും നടക്കും. ഉയർത്തെഴുന്നേൽപ്പിൻറെ സ്മരണ പുതുക്കി ഞായറാഴ്ചയാണ് ഈസ്റ്റർ വന്നെത്തുന്നത്.

&&&&&&&&&&&&&&&&&&

## IPL

ഐപിഎൽ ക്രിക്കറ്റിൽ ലഖ്നൗ സൂപ്പർ ജയന്റ്സ് ഡൽഹി ക്യാപിറ്റൽസിനെ നേരിടുന്നു. ടോസ് നേടിയ ഡൽഹി ബൗളിങ്ങ് തിരഞ്ഞെടുത്തു. ലഖ്നൗവിൽ അൽപസമയം മുൻപാണ് മത്സരം ആരംഭിച്ചത്.

&&&&&&&&&&&&&&&&&&

## CRUDE OIL

പശ്ചിമേഷ്യയിൽ അനിശ്ചിതാവസ്ഥ തുടരുന്നതിനിടെ ആഗോള വിപണിയിൽ അസംസ്കൃത എണ്ണവിലയിൽ ഇടിവ്. ബ്രെന്റ് ക്രൂഡ് വില 2.6 ശതമാനം ഇടിഞ്ഞ് ബാരലിന് 101 യു.എസ് ഡോളറിലെത്തി. WTI ക്രൂഡ് വിലയും 2.7 ശതമാനത്തിലധികം താഴ്ന്ന് ബാരലിന് 98 യു.എസ് ഡോളറെന്ന നിലയിലാണ്. ഇറാനുമായുള്ള സംഘർഷം ഉടൻ

അവസാനിക്കാൻ സാധ്യതയുണ്ടെന്ന് യു.എസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ് ആവർത്തിച്ചതിന് പിന്നാലെയാണ് വിലയിടിവ്.

&&&&&&&&&&&&&&&&&

## IRAN – KUWAIT ATTACK

പശ്ചിമേഷ്യയിൽ സംഘർഷം രൂക്ഷമായി തുടരുന്നു. കുവൈറ്റ് അന്താരാഷ്ട്ര വിമാനത്താവളത്തിൽ ഇന്ന് പുലർച്ചെ ഇറാൻ ഡ്രോൺ ആക്രമണമുണ്ടായി. ബഹ്റൈൻ , സൗദി അറേബ്യ എന്നിവിടങ്ങളിലും ആക്രമണമുണ്ടായ സാഹചര്യത്തിൽ ഗൾഫ് രാജ്യങ്ങൾ അതീവ ജാഗ്രതയിലാണ്. അതേസമയം ഇറാനുമായുള്ള യുദ്ധം മൂന്നാഴ്ചക്കകം അവസാനിപ്പിക്കുമെന്ന് യു.എസ് പ്രസിഡൻറ് ഡോണൾഡ് ട്രംപ് പറഞ്ഞു. എന്നാൽ ആണവായുധം കൈവശം വയ്ക്കാൻ കഴിയാത്ത വിധം ഇറാനെ തകർക്കുമെന്നും ട്രംപ് മുന്നറിയിപ്പ് നൽകി. ഇസ്രായേലിന് നേരെ യമനിലെ ഹൂതി വിമതർ വീണ്ടും മിസൈൽ ആക്രമണം നടത്തി .

&&&&&&&&&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&